

# നെൽകൃഷി തകരാൻ കാരണം

ഒരു കാലത്ത് നെൽകൃഷിക്ക് പേരുകേട്ട ഈ കേരളത്തിൽ ഇന്ന് കൃഷി ഇറക്കാൻ കർഷകർ മടിക്കുന്നി ക്കുന്നു. പേരുകേട്ട നല്ല നാടൻ നെല്ലിനങ്ങൾ ഇവിടെ കൃഷി ചെയ്തിരുന്നു. കുട്ടാടൻ, കുളപ്പാല, പാണ്ടി, ആനക്കോടൻ, മട്ടൻ, ചീര, എരുമക്കേരി, ആവൽ, നെല്ലിന്റെ രാജാവ് എന്നറിയിപ്പെട്ടിരുന്ന ചിറ്റേനി, വിതച്ച് 60 ദിവസം കൊണ്ട് ഉണ്ണാൻ പറ്റുന്ന കരാങ്കേരി, ആയുർവേദ ചികിത്സയിൽ നവരക്കിഴിക്ക് ഉപയോഗിക്കുന്ന 'നവര', മലർ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ചെറു അരിയൽ കൂടാതെ ചുവന്ന ചീര, കൊച്ചിച്ചീര, കറുത്ത ചീര, വട്ടൻ, കൊച്ചിമട്ടൻ, കുളപ്പാണ്ടി എന്നി നെല്ലിനങ്ങൾ ഇവിടെ സമൃദ്ധിയായി വിളയിച്ചിരുന്നു. ഇതിൽ കുട്ടാടൻ 11 മാസം മൂപ്പുള്ളതാകയാൽ പണ്ടെ തന്നെ കൃഷിക്കാർ ഈ നെല്ല് കൃഷി ചെയ്യാതായി. ഇന്ന് ഈ നെല്ലിനം ആരുടെ കൈവശവും ഇല്ല എന്നാണ് അറിയുവാൻ കഴിഞ്ഞത്. പക്ഷെ, മൂപ്പ് കൂടുതൽ ഉണ്ടെങ്കിലും ഈ നെല്ലിന്റെ സ്വാദ് ഇന്ന് കാണുന്ന ഒരു നെല്ലിനങ്ങൾക്കും ഇല്ല എന്നാണ് പഴമക്കാർ പറയുന്നത്. ഇതിന്റെ കഞ്ഞി ഉപ്പോ, കറികളോ ഉപയോഗിക്കാതെ തന്നെ നമുക്ക് ഭക്ഷിക്കാം. അത്ര സ്വാദുള്ള നെല്ലിനമാണ് നമുക്ക് നഷ്ടമായത്. എത്രയോ നാടൻ നെല്ലിനങ്ങൾ കൃഷിചെയ്തിരുന്ന കേരളത്തിൽ ഇന്ന് കൃഷി ഡിപ്പാർട്ടുമെന്റിന്റെ സങ്കര വർഗങ്ങളായ ഏതാനും ചില വിത്തിനങ്ങൾ മാത്രമായി ചുരുങ്ങി. നൂറുമേനി വിളഞ്ഞിരുന്ന പാടങ്ങളിൽ ഇന്ന് 20,30 മേനിയിൽ കൂടുതൽ വിളവ് ലഭിക്കുന്നില്ല. രാസവളം പ്രയോഗിക്കാതെയാണ് 100 മേനി വിളയിച്ച കണ്ടങ്ങളിൽ രാസവളം പ്രയോഗിച്ചാലും ഇപ്പോൾ 30 മേനിയിൽ കൂടുതൽ കിട്ടുന്നില്ല. സുസ്ഥിര കൃഷിയുടെ ആവശ്യകതയിലേക്ക് ഇതു വിരൽ ചൂണ്ടുന്നു.

ഇന്ന് കൃഷിക്ക് വരുന്ന ചെലവ് കണക്കാക്കിയാൽ കൃഷിയിറക്കാൻ വേണ്ടിവരുന്ന പണംകൊണ്ട് കൃഷി ചെയ്തുണ്ടാക്കുന്ന അത്രയും അരി കടയിൽ നിന്നും വാങ്ങാം എന്നാണ് കർഷകർ സമർത്ഥിക്കുന്നത്. ഈ സ്ഥിതി വിശേഷം എങ്ങനെ ഉണ്ടായി?

1. വ്യവസായ വികസനം
2. കൃഷിപ്പണി മോശമാണെന്ന ധാരണ
3. അധ്വാനഭാരം കൂടാതലാണെന്ന ധാരണ
4. പടിഞ്ഞാറൻ സംസ്കാരത്തിന്റെ കടന്നുകയറ്റം.

പടിഞ്ഞാറൻ സംസ്ക്കാരം നമ്മുടെ കൃഷിയെ ഒരു വ്യവസായമാക്കി മാറ്റി. പടിഞ്ഞാറൻ സംസ്ക്കാരമെന്നാൽ ഫാസ്റ്റ് ഫുഡ് സംസ്കാരം എന്നു നമുക്ക് വിശേഷിപ്പിക്കാം. എല്ലാം പെട്ടെന്ന് നമുക്ക് കിട്ടണം എന്ന ഒരു ചിന്താഗതി കർഷകർക്കിടയിൽ പ്രചരിപ്പിക്കാൻ ഈ ഫാസ്റ്റ് ഫുഡ് സംസ്ക്കാരത്തിന്റെ പ്രചാരകരായ കാർഷിക സർവകലാശാലകൾക്ക് കഴിഞ്ഞു. അതിൽ ഫലമായി കുട്ടാടൻ പോലുള്ള നാടൻ വിത്തുകൾ നമുക്ക് നഷ്ടമായി. കർഷകർ കൃഷിയിൽ നിന്ന് എത്ര ലാഭം ഉണ്ടാക്കാം എന്ന് ചിന്തിച്ചുതുടങ്ങി. കൂടുതൽ ലാഭത്തിനുവേണ്ടി അവർ കൃത്രിമ വളങ്ങളും സങ്കര ഇനം വിത്തുകളും ഉപയോഗിച്ചു. ഇതു ഒരു സംസ്ക്കാരത്തിന്റെ അന്ത്യമാണെന്ന് കർഷകർ അന്ന് ചിന്തിച്ചില്ല. അധ്വാനഭാരം കൂടുതലാണെന്ന് പറഞ്ഞു കർഷകർ വിത്തിനെടുത്ത് വയ്ക്കൽ നിറുത്തി. കമ്പോളങ്ങളിൽനിന്നും വാങ്ങാൻ കഴിയുന്ന നെൽവിത്തുകൾ ഉപയോഗിച്ചു തുടങ്ങി. വിത്തിനെടുക്കുമ്പോൾ ഭക്ഷണത്തിനെടുക്കുന്നതിൽ നിന്ന് മൂപ്പു കൂടുതൽ വേണം. ശരിയായി ഉണങ്ങുന്നതിനു വേണ്ടി എല്ലാ ദിവസവും തണലിൽ പരത്തിയിട്ട് നെല്ല് ഉണക്കണം; ഉണക്കിക്കഴിഞ്ഞാൽ എലി മുതലായ കീടങ്ങളിൽനിന്നും വിത്തിനെ സംരക്ഷിക്കണം. കടയിൽനിന്നും വിത്തു വാങ്ങിക്കുമ്പോൾ ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കാം എന്ന് കർഷകർ ചിന്തിക്കുന്നു. ഇതിൻ ഫലമായി നാടൻ വിത്തിനങ്ങൾ നമുക്ക് നഷ്ടമാവുകയും കൃഷിയിടങ്ങൾ വന്ധ്യമാവുകയും ചെയ്തു. കൃഷി വ്യവസായവത്ക്കരിച്ചതോടു കൂടി, കർഷകർ-കർഷകത്തൊഴിലാളികൾ എന്നീ രണ്ടു വിഭാഗം ജനങ്ങൾ സൃഷ്ടിക്കപ്പെട്ടു. കൂടുതൽ ലാഭത്തിനുവേണ്ടി കർഷകരും, കൂടുതൽ കൂലിക്കുവേണ്ടി കർഷകത്തൊഴിലാളികളും കിടമത്സരം തുടങ്ങി. ഇതു കൃഷിയിലെ കൂട്ടായ്മയും നിസ്വാർത്ഥതയും നഷ്ടപ്പെടുത്തി. കൂടുതൽ മെച്ചപ്പെട്ട ഒരു ജീവിത നിലവാരം വ്യവസായം കൊണ്ടും മറ്റു ഉദ്യോഗങ്ങൾ കൊണ്ടും ഉണ്ടാക്കാം എന്ന ഒരു മിഥ്യാധാരണ ജനങ്ങൾക്കിടയിൽ പടിഞ്ഞാറൻ സംസ്കാരം സൃഷ്ടിച്ചെടുത്തു. ഇതുമൂലം കർഷകർ കൃഷിപ്പണി ഉപേക്ഷിച്ച് വ്യവസായത്തിലേക്ക് ശ്രദ്ധ തിരിച്ചതും നഗരങ്ങളിലേക്ക് ചേക്കേറിയതും കേരളത്തിലെ നെൽകൃഷിക്ക് അന്ത്യം കുറിച്ചു.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഏറ്റവും വലിയ പ്രശ്നം രൂക്ഷമായ തൊഴിലില്ലായ്മയാണ്.

കേരളത്തിലെ നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഗൗരവമായ പ്രശ്നം കൃഷിപ്പണിക്ക് തൊഴിലാളികളെ കിട്ടുന്നില്ല എന്നതാണ്. ഇതു വളരെ വിരോധാഭാസമായി തോന്നാം. കാർഷികവൃത്തി മോശമാണെന്ന ധാരണയാണ് ഈ അവസ്ഥയ്ക്കു കാരണം. ഗൾഫ് പണത്തിന്റെ വരവും കാർഷികവൃത്തിയെ സാരമായി ബാധിച്ചതായി കാണാം.

കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് 8 മണിക്കൂർ കൽപ്പണിയോ അനുബന്ധ പണികളോ ചെയ്താൽ 150-ൽ കുറയാതെ കൂലി ലഭിക്കും. ഇതുമൂലം 5 പറയ്ക്ക് ഒരു പറ എന്ന തോതിൽ പതം കൊയ്യുന്നതിന് ഇന്ന് അവർക്ക് സമ്മതമല്ല. ഇതുമൂലം കൊയ്ത്തിന് ആളെ കിട്ടില്ലെന്ന് കർഷകർ പറയുകയും നിലങ്ങൾ തരിശിടുന്നതിന് നിർബന്ധിതരാവുകയും ചെയ്യുന്നു.

പി.കെ. ധർമരാജ്.